(സി) ഏതാനും ജില്ലാ സഹകരണ ബാങ്കുകളിലും സ്റ്റേറ്റ് സഹകരണ ബാങ്കിന്റെ ഏതാനും ശാഖകളിലും എ.ടി.എം. സ്ഥാപിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണബാങ്കുകൾ എന്നിവ എ.റ്റി.എം. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ എ.റ്റി.എം. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ കാണിക്കുന്ന അലംഭാവം

100 (1299) ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിത്ത്, വളം, കീടനാശിനി എന്നിവ കർഷകർക്ക് എത്തിക്കുക എന്ന മുഖ്യ ചുമതല നിർവ്വഹിക്കുന്നതിൽ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ അലംഭാവം കാണിക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കർഷകർ സ്വകാര്യ കുത്തകകളുടെയും, വ്യക്തികളുടെയും ചൂഷണത്തിനിരയാകുന്ന അവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അഡ്മിനിസ്ട്രേറ്റീവ് ഭരണം ഉള്ള സഹകരണ സംഘങ്ങൾ

101 (1300) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിൽ മൊത്തം വോട്ടർമാർ എത്ര ; ഇതിൽ ക്രെഡിറ്റ്, ക്രെഡിറ്റേതര സൊസൈറ്റികളുടെ എണ്ണം വിശദമാക്കുമോ ;

(ബി) എത്ര സൊസൈറ്റികൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട് ; ലിക്വിഡേറ്റ് ചെയ്യപ്പെടാനുള്ള കാരണമെന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര സൊസൈറ്റികളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഉണ്ടായിരുന്നു ; ഈ അഡ്മിനിസ്ട്രേറ്റർമാർക്ക് വോട്ടവകാശം ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൊത്തം വോട്ടർമാർ-404 ഇതിൽ 154 എണ്ണം ക്രെഡിറ്റ് സൊസൈറ്റികളും 250 ക്രെഡിറ്റ് ഇതര സൊസൈറ്റികളും ആണ്.

(ബി) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സൊസൈറ്റികളൊന്നും ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടില്ല.

(സി) എഴുപത്തിയെട്ട് സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഉണ്ടായിരുന്നു. അഡ്മിനിസ്ട്രേറ്റർമാർക്ക് വോട്ടവകാശം ഇല്ല.

നോട്ടീസ് കൊടുക്കാതെ പിരിച്ചുവിടപ്പെട്ട സംഘങ്ങൾ

102 (1301) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷം നോട്ടീസ് കൊടുക്കാതെ എത്ര സംഘങ്ങളെ പിരിച്ചു വിട്ടിട്ടുണ്ട് ; അതിൽ പട്ടികജാതി സംഘങ്ങൾ എത്ര ;

(ബി) പിരിച്ചുവിടപ്പെട്ട എത്ര സംഘങ്ങൾ കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട് ;

(സി) ഈ കേസുകളിന്മേൽ കേരള ഹൈക്കോടതി ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുപ്പത്തിയാറ് സഹകരണ സംഘങ്ങളെ പിരിച്ചുവിട്ടിട്ടുണ്ട്. അതിൽ പതിനാല് എണ്ണം പട്ടികജാതി/പട്ടിക വർഗ്ഗ സംഘങ്ങളാണ്.

(ബി) പതിമൂന്ന് സംഘങ്ങൾ

(സി) പാലക്കാട് സഹകരണ ആർട്സ് ആന്റ് സയൻസ് കോളേജ് സഹകരണ സംഘത്തിനെ സംബന്ധിച്ച കേസിൽ "സ്റ്റാറ്റസ്കോ" നിലനിർത്താൻ കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

ലിക്വിഡേറ്റ് ചെയ്തതും ഡോർമെന്റായി കിടക്കുന്നതുമായ സംഘങ്ങളെ നീക്കം ചെയ്യാൻ നടപടി

103 (1302) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനം 26-3-2003-ന് പ്രഖ്യാപിച്ചശേഷം സഹകരണചട്ടം 44 എ, 71/3 വകുപ്പ് എന്നിവ ഭേദഗതി ചെയ്തത് നിയമപരമാണോ എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly